MAHATMA GANDHI UNIVERSITY
PRIYADARSINI HILLS P.O., KOTTAYAM,
KERALA, INDIA, 686560
Established by Kerala State Legislature by Notification No. 3431/Leg.Cl/85/Law, dated 17th April 1985
NAAC GRADE A++

വാർത്താക്കുറിപ്പ്

2026 സെപ്റ്റംബർ 24

എംജിയുവിൽ പി.എസ്.സി. സൗജന്യ പരിശീലന പരിപാടിക്ക് തുടക്കം

കോട്ടയം: മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ബ്യൂറോയും കോട്ടയം ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചും ചേർന്ന് പി.എസ്.സി. പരീക്ഷകൾക്കായി നടത്തുന്ന 180 മണിക്കൂർ സൗജന്യ പരിശീലന പരിപാടിയുടെ ഉദ്ഘാടനം  വൈസ് ചാൻസലർ പ്രൊഫ. (ഡോ.) ഡി. മാവുതു നിർവഹിച്ചു.

രവികുമാർ എം. ആർ. (ഡിവിഷണൽ എംപ്ലോയ്മെന്റ് ഓഫീസർ ഓഫീസർ, ഭിന്നശേഷിക്കാർക്കുള്ള പ്രത്യേക എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, കോട്ടയം) അധ്യക്ഷത വഹിച്ച പരിപാടിയിൽ ശ്രീകുമാർ ഒ. എസ്. സ്വാഗതം ആശംസിക്കുകയും, ശ്രീ. ബിജു എൻ. (ഡെപ്യൂട്ടി ചീഫ്, യു.ഇ.ഐ.& ജി.ബി., കോട്ടയം) കൃതജ്ഞതയും പറഞ്ഞു. പ്ലസ് ടു / ഡിഗ്രി യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾക്കാണ് പരിശീലനം.

ഫോട്ടോ ക്യാപ്ഷൻ: വൈസ് ചാൻസലർ ഉദ്ഘാടനം ചെയ്യുന്നു.

പി.ആർ.ഒ/855/2026

എംജിയുവിൽ ജനറൽ ഡ്യൂട്ടി അസിസ്റ്റന്റ് കോഴ്സ്

മഹാത്മാഗാന്ധി സർവകലാശാലയിലെ ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ഡിസബിലിറ്റി സ്റ്റഡീസ് (ഐയുസിഡിഎസ്) നടത്തുന്ന  ജനറൽ ഡ്യൂട്ടി അസിസ്റ്റന്റ് കോഴ്സിൽ പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു.

ഡോക്ടർമാരെയും നേഴ്സുമാരെയും സഹായിക്കുന്ന അസിസ്റ്റന്റ് നഴ്സ് തസ്തികയിലും കെയർ ഹോമുകളിലെ കെയർ ഗിവർ തസ്തികയിലും ജോലി ലഭിക്കുന്നതിന് ഉപകരിക്കുന്നതാണ്. പ്രായപരിധിയില്ല. ഓഫ് ലൈൻ, ഓൺലൈൻ ക്ലാസുകളുണ്ടാകും. മൂന്ന് മാസം, ആറു മാസം, ഒരു വർഷം ദൈർഘ്യമുള്ള കോഴ്സുകളിൽ ആശുപത്രി പരിശീലനവും

പ്ലേസ്മെന്റ് സഹായവും ലഭിക്കും. കോഴ്സ്  ഒക്ടോബർ 1ന് ആരംഭിക്കും. ഫോൺ -99462 999 65, 8891391580. ഇമെയിൽ- iucdsmgu@mgu.ac.in.

പി.ആർ.ഒ/856/2026

പരീക്ഷാഫലം

ഒന്നാം സെമസ്റ്റർ എംജിയു-യുജിപി (ഓണേഴ്സ്)/ബിബിഎ (ഓണേഴ്സ്)/ബിസിഎ (ഓണേഴ്സ്) (2025 അഡ്മിഷൻ റഗുലർ വിദ്യാർത്ഥികൾക്കുള്ള സ്പെഷ്യൽ പരീക്ഷ) ജൂലൈ 2026 പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.  ഉത്തരക്കടലാസുകളുടെ സ്കാൻ ചെയ്ത പകർപ്പിനായി ഓഗസ്റ്റ് 8 വരെ അപേക്ഷിക്കാവുന്നതാണ്.

--------

രണ്ടാം സെമസ്റ്റർ മാസ്റ്റർ ഓഫ് ഫിസിക്കൽ എജ്യൂക്കേഷൻ ആൻഡ് സ്പോർട്സ് (ദ്വിവത്സര കോഴ്സ്) (2025 അഡ്മിഷൻ റഗുലർ, 2024 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2022-2024 അഡ്മിഷൻ സപ്ലിമെന്ററി, 2021 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്) മാർച്ച് 2026 പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഒക്ടോബർ 8 വരെ ഓൺലൈനിൽ അപേക്ഷിക്കാം.

പി.ആർ.ഒ/857/2026

ലഹരിവിമുക്ത  കേരളത്തിനായി കൈ കോർത്ത് കോട്ടയം എൻഎസ്എസ് വളണ്ടിയർമാർ

കോട്ടയം: തൂഫാൻ പദ്ധതിയുടെ ഭാഗമായി കോട്ടയത്ത് വാക്കത്തോൺ സംഘടിപ്പിച്ച് നാഷണൽ സർവീസ് സ്കീം. ദേശീയ എൻ.എസ്.എസ്. ദിനമായ സെപ്റ്റംബർ 24ന് പോലീസ് പരേഡ് ഗ്രൗണ്ടിൽ ജില്ലാ കളക്ടർ വാക്കത്തോൺ ഫ്ലാഗ് ഓഫ് ചെയ്തു. ബസേലിയസ് കോളേജിൽ നടന്ന ഉദ്ഘാടന സമ്മേളനം ഏറ്റുമാനൂർ എംഎൽഎ നാട്ടകം സുരേഷ് ഉദ്ഘാടനം ചെയ്തു.

തലമുറകളെയാകെ കാർന്നുതിന്നുന്ന ലഹരിക്കെതിരായ യുദ്ധത്തിൽ വിജയത്തിൽ കുറഞ്ഞതൊന്നും നമുക്ക് ആഗ്രഹിക്കാനില്ലെന്ന് ഉദ്ഘാടന പ്രസംഗത്തിൽ എംഎൽഎ അഭിപ്രായപ്പെട്ടു. വരും തലമുറകൾ നിങ്ങളുടെ ഈ പോരാട്ടം ഓർക്കുമെന്ന് അദ്ദേഹം വളണ്ടിയർമാരോട് പറഞ്ഞു.

മഹാത്മാഗാന്ധി സർവകലാശാലാ വൈസ് ചാൻസലർ പ്രൊഫ. (ഡോ.) ഡി. മാവൂതു

ചടങ്ങിന് അധ്യക്ഷത വഹിച്ചു. യാതൊന്നും തകർക്കാനല്ല, മറിച്ച് നമ്മെ ഉണർത്താനാണ് തൂഫാൻ കൊടുങ്കാറ്റ് ആഞ്ഞടിക്കുന്നതെന്ന് വൈസ് ചാൻസലർ പറഞ്ഞു. അറിവുകൊണ്ട് മറ്റുള്ളവരുടെ ജീവിതത്തിൽ മാറ്റമുണ്ടാക്കാൻ സാധിക്കുമ്പോഴാണ് വിദ്യാഭ്യാസം അതിന്റെ യഥാർഥ ലക്ഷ്യം കൈവരിക്കുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

സർവകലാശാലാ സിൻഡിക്കേറ്റ് അംഗം ഡോ. ജോബിൻ ചാമക്കാല ലഹരി വിരുദ്ധ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു.

സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ. തോമസ് കുരുവിള, ഡോ. ജി. എസ്. ഗിരീഷ് കുമാർ, എൻ.എസ്.എസ്. ഹയർ സെക്കന്ററി റീജിയണൽ കൺവീനർ ആർ. രാഹുൽ, ബസേലിയസ് കോളേജ് പ്രിൻസിപ്പൽ പ്രൊഫ. (ഡോ.) മനോജ് നാരായണൻ, എൻ.എസ്.എസ്. വി.എച്ച്.എസ്.സി. ജില്ലാ കോർഡിനേറ്റർ മനേഷ് പുല്ലുവേലിൽ എന്നിവർ ആശംസയർപ്പിച്ച് സംസാരിച്ചു. സർവകലാശാലാ എൻ.എസ്.എസ്. പ്രോഗ്രാം കോർഡിനേറ്റർ ഡോ. ഇ. എൻ. ശിവദാസൻ സ്വാഗതവും, ബസേലിയസ് കോളേജ് എൻ.എസ്.എസ്. പ്രോഗ്രാം ഓഫീസർ ഡോ. കൃഷ്ണരാജ് എം.വി. നന്ദിയും പറഞ്ഞു.

മഹാത്മാഗാന്ധി സർവകലാശാല നേതൃത്വം നൽകിയ പരിപാടിയിൽ ഹയർ സെക്കൻഡറി, വൊക്കേഷണൽ ഹയർ സെക്കൻഡറി തുടങ്ങിയ വിഭാഗങ്ങളിലെ എൻ.എസ്.എസ്. യൂണിറ്റുകളാണ് പങ്കെടുത്തത്. രണ്ടായിരത്തിലധികം വോളണ്ടിയർമാരും പ്രോഗ്രാം ഓഫീസർമാരും പങ്കെടുത്തു.

ഫോട്ടോ ക്യാപ്ഷൻ: പരിപാടി ഏറ്റുമാനൂർ എംഎൽഎ നാട്ടകം സുരേഷ് ഉദ്ഘാടനം ചെയ്യുന്നു. വൈസ് ചാൻസലർ പ്രൊഫ. (ഡോ.) ഡി. മാവൂതു, സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ. ജോബിൻ ചാമക്കാല, ഡോ. തോമസ് കുരുവിള, ഡോ. ജി. എസ്. ഗിരീഷ് കുമാർ തുടങ്ങിയവർ സമീപം.

പി.ആർ.ഒ/859/2026

പബ്ലിക് റിലേഷൻസ് ഓഫീസർ


കേരള സർക്കാർ
നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് (കേരളം)

